# Desabhimani

## 21 August 2018

## Government’s Best Coordination; Southern Army Chief



ഛാവ്വ

# സർക്കാരിന്റേത് മികച്ച ഏകോപനം: ദക്ഷിണ കരസേനാമേധാവി

**തിരുവനന്തപുരം**

പ്രളയരക്ഷാദുരിതാശ്വാസ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ മികച്ച രീതിയിലാണ് ഏകോപിപ്പിക്കുന്നതെന്ന് ദക്ഷിണ കരസേനാ മേധാവി ലെഫ്. ജനറൽ ഡി ആർ സോണി പറഞ്ഞു. സേനാവിഭാഗങ്ങളുടേതടക്കം എല്ലാ ഏജൻസികളുടെയും യോജിച്ച പ്രവർത്തനമാണ് നടക്കുന്നത്. രക്ഷാ പ്രവർത്തനം ഏതാണ്ട് പൂർത്തിയായിക്കഴിഞ്ഞതായും സോണി പറഞ്ഞു. ഏറ്റവും ദുർഘടവും പ്രയാസമേറിയതുമായ രക്ഷാപ്രവർത്തനങ്ങളാണ് ഒരാഴ്ചയായി നടന്നത്. ശക്തമായ ഒഴുക്ക് പലപ്പോഴും പ്രശ്നം സൃഷ്ടിച്ചു. നിരവധിപേരെ രക്ഷിക്കാനായി.

1500 കരസേനാംഗങ്ങളാണ് സർവസജ്ജരായി രംഗത്തിറങ്ങി. മെഡിക്കൽ ടീമുകളുമുണ്ട്. സ്ഥിതിഗതികൾ സാധാരണ നിലയിലാകുംവരെയും അവർ പ്രവർത്തനരംഗത്തുണ്ടാകും. ദുരിതാശ്വാസ ക്യാമ്പുകളിലും അവരുടെ സേവനം ലഭ്യമാക്കും.

കാലവർഷക്കാലത്ത് രക്ഷാ
ദുരിതാശ്വാസ പ്രവർത്തനങ്ങൾ
ക്കായുള്ള കൂടുതൽ സംവിധാ
നങ്ങൾ കരസേന കേരളത്തി
ലൊരുക്കുമെന്നും ദക്ഷിണ
കരസേനാ മേധാവി പറഞ്ഞു
കേരള-കർണാടക സബ് ഏരിയ
മേധാവി മേജർ ജനറൽ സഞ്ജ
വ് നരൈൻ, പാങ്ങോട് മിലിട്ട
സ്റ്റേഷൻ കമാൻഡർ ബ്രിഗേ
ഡിയർ സിജി അരുൺ എന്നിവ
രും വാർത്താസമ്മേളനത്തിൽ
പങ്കെടുത്തു.